മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): മലയോര വികസന അതോറിറ്റി, എന്നത് വർഷങ്ങളായുള്ള ആവശ്യമാണ്. പല പ്രാവശ്യം പരിഗണനയിൽ വന്നെങ്കിലും അത് നടപ്പാക്കാൻ സാധിച്ചില്ല. ഏതായാലും 2005-06 വർഷത്തിൽ അത് യാഥാർത്ഥ്യ മാകും. സമുദ്രനിരപ്പിൽനിന്നും 600 മീറ്ററിൽ കൂടുതൽ ഉയരമുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഈ ഏജൻസിയുടെ പരിധിയിൽ വരുന്നതാണ്. അതിന്റെ ഏരിയയെല്ലാം നിശ്ചയിച്ചു കഴിഞ്ഞു. അതിനുള്ള സംവിധാനത്തെക്കുറിച്ച് രണ്ട് വിധത്തിലുള്ള നിർദ്ദേശങ്ങളുണ്ട്. മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള സമിതിയുടെ നിർദ്ദേശമുണ്ട്. അതിൽനിന്നും വ്യത്യസ്തമായി മറ്റൊരു നിർദ്ദേശവുമുണ്ട്. ഇതിൽ ഏത് വേണ മെന്നുള്ള നയപരമായ തീരുമാനം എടുത്തുകഴിഞ്ഞാൽ ഉടൻതന്നെ ഇതിന്റെ പ്രവർത്തനം ആരംഭിക്കത്തക്കവിധത്തിലുള്ള നടപടി എടുക്കും. ഈ വർഷം ഇതിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

(3) പെരിയാർ റിവർ അതോറിറ്റി രൂപീകരണം

ശ്രീ. കെ. മുഹമ്മദാലി: സർ, ഏറ്റവും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിനു വേണ്ടി ആശ്രയിക്കുന്ന പദ്ധതികൾ സംസ്ഥാനത്ത് നിലനിൽക്കുന്നത് പെരിയാറിലാണ്. അതുപോലെ തന്നെ ഏറ്റവും കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥിതിചെയ്യു ന്നത് പെരിയാറിനടുത്താണ്. കൃഷി ആവശ്യത്തിനുവേണ്ടിയുള്ള ലിഫ്റ്റ് ഇറിഗേഷ നുകൾ സംസ്ഥാനത്ത് ഏറ്റവും കൂടുതലുള്ളത് പെരിയാറിലും പ്രത്യേകിച്ച് ആലുവ താലൂക്കിലുമാണ്. അങ്ങനെയുള്ള പെരിയാറിന്റെ സ്ഥിതി ഇന്ന് വളരെ ശോചനീയമാണ്. വളരെ കാലങ്ങളായി പെരിയാറിന്റെ ഗൗരവമായ സ്ഥിതിക്ക് പരിഹാരം എന്ന നിലയിൽ പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്, പെരിയാറിന്റെ മലിനീകരണം ഒഴിവാക്കി പെരിയാറിന്റെ സംരക്ഷണം ഗവൺമെന്റ് ഏറ്റെടുക്കണം. അനധികൃതമായി നടന്നുകൊണ്ടിരിക്കുന്ന മണൽവാരൽ പെരിയാറിനെ നശിപ്പിക്കുന്നു. ഇത് തടയണം. അനിയന്ത്രിതമായ ജല വിനിയോഗത്തിനും പരിഹാരം ഉണ്ടാകേണ്ടതാണ്. അത് കൈകാര്യം ചെയ്യാനുള്ള സംവിധാനമായ പെരിയാർ റിവർ അതോറിറ്റി അടിയന്തിരമായി രൂപീകരിക്കുക എന്നുള്ളതാണ് ആവശ്യം. ഇത് വളരെ കാലങ്ങളായിട്ടുള്ള ആവശ്യമാണ്. അടിയന്തി രമായി പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം അതിന്റെ പശ്ചാത്തലത്തെക്കുറിച്ച് പറഞ്ഞു. അവിടെ പെരിയാർ മലിനപ്പെടുന്നു എന്ന് അഭ്യൂഹം നിലനിൽക്കുകയാണ്. മാലിന്യം മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ നേരത്തെ ചെയ്തിട്ടുണ്ട്. പെരിയാറുമായി ബന്ധപ്പെട്ട എല്ലാ തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുന്നതിന് നദി സംരക്ഷണത്തിനുള്ള ആക്ഷൻ പ്ലാൻ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി 1997-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. ഏതാണ്ട് 590 കോടി രൂപ പെരിയാർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് ചെലവ് വരുമെന്നാണ് 1997-ൽ കണക്കാക്കിയിരുന്നത്. എന്നാൽ ഇതിന് കേന്ദ്രത്തിൽനിന്ന് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം കേരളം സന്ദർശിച്ചുവന്ന മോണിട്ടറിംഗ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് പെരിയാറിലേക്ക് മലിന ജലം ഒഴുക്കുന്ന വ്യവസായശാലകളുടെ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് വ്യവസായശാലകളുടെ പ്രതിനിധികളും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരേയും ബോർഡ് ഉദ്യോഗസ്ഥന്മാരേയും ചേർത്ത് ലോക്കൽ ഏരിയ എൻവയൺമെന്റ് കമ്മിറ്റി രൂപീകരിച്ച് 2004 സെപ്റ്റംബർ മുതൽ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. മുഹമ്മദാലി ആവശ്യപ്പെട്ടത് പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കണമെന്നുള്ളതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ അത്യാവശ്യമായി നദികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പുതിയ സമീപനം ഉണ്ടായേ മതിയാവൂ. അതുകൊണ്ട് നദി സംരക്ഷണത്തിനുവേണ്ടി ഗവൺമെൻറ് ആവുന്ന എല്ല കാര്യങ്ങളും ചെയ്യുന്ന കൂട്ടത്തിൽ പെരിയാർ സംബന്ധിച്ച് ചെയ്യാൻ കഴിയുന്ന എല്ലാ നല്ല പ്രവർത്തനങ്ങളും പരിഗണിക്കുന്നതാണ്.

(4) നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ നയനാംകോണം പട്ടികജാതി കോളനിയിലെ ഗുണ്ടാ ആക്രമണം

ശ്രീ. എൻ. രാജൻ: സർ, നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ നയനാംകോണം പട്ടികജാതി കോളനിയിൽ കഴിഞ്ഞ ഫെബ്രുവരി 16-ാം തീയതി പകൽ മൂന്ന് മണിയോടെയാണ് കുടിഒഴിപ്പിക്കൽ നടന്നത്. തിരുവനന്തപുരം പ്രിൻസിപ്പൽ സബ്കോർട്ടിന്റെ ഉത്തരവും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പോലീസ് പ്രൊട്ടക്ഷനുമായിട്ടാണ് കോർട്ട് റിസീവർ അടക്കം നൂറോളം പോലീസും അത്രത്തോളം ഗുണ്ടകളും ചേർന്ന് കഴിഞ്ഞ 50 വർഷമായി വീടു വച്ച് ആദായങ്ങളും ഫലവൃക്ഷങ്ങളുമൊക്കെ വച്ച് കഴിഞ്ഞിരുന്ന 15 വീടുകൾ തീവച്ച് നശിപ്പിക്കുകയും ജെ.സി.ബി. ഉപയോഗിച്ച് ഇടിച്ചുനിരത്തുകയും ചെയ്തു. കിണറുകൾ മൂടി നശിപ്പിക്കുകയും ചെയ്തു. 1972-ൽ ലാന്റ് ട്രൈബ്യൂണൽ കൊടുത്ത കുടികിടപ്പ് വാങ്ങിയതിന്റെ സർട്ടിഫിക്കറ്റ് അവരുടെ കൈയിലുണ്ട്. റീസർവ്വേ കഴിഞ്ഞ് പ്രമാണം ഉണ്ടാക്കി 2004 വരെ കരം നാവായിക്കുളം വില്ലേജ് ആഫീസിൽ കൊടുക്കുന്നവരാണ് ഈ 15 പേരും. ഗവൺമെന്റ് ഇങ്ങനെ ഒരു കുടികിടപ്പ് സർട്ടിഫിക്കറ്റ് കൊടുത്തിട്ട് കോടതി വിധിയുടെ അടിസ്ഥാനത്തിൽ കുടിഒഴിപ്പിക്കപ്പെട്ടവർ 109 പേരുണ്ട്. 10-25 കുട്ടികൾക്ക് കഴിഞ്ഞ ഒരു മാസമായി സ്കൂളുകളിൽ പോകാൻ കഴിയുന്നില്ല. അവർ തെരുവിലാണ് കുറച്ചുനാൾ കിടന്നിരുന്നത്. ഇപ്പോൾ അവർ പഞ്ചായത്ത് വാടകയ്ക്കെടുത്ത വീടുകളിൽ താമസിക്കുന്നു. എല്ലാം നഷ്ടപ്പെട്ടവരാണ്. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly